പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6191 | | 07.11.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **കൊച്ചിയിലെ മാലിന്യ സംസ്കരണത്തിന് സ്വകാര്യ കമ്പനിയുമായി കരാർ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.ആന്റണി ജോൺ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കൊച്ചിയിലെ മാലിന്യ സംസ്കരണത്തിന് സ്വകാര്യ കമ്പനിയുമായി കരാർ ഒപ്പിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചിയിലെ മാലിന്യ സംസ്കരണത്തിന് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് വ്യവസ്ഥയിൽ GJ ECO POWER PVT. LTD എന്ന കമ്പനിയുമായി 17.02.2016 ന് കരാർ ഒപ്പ വച്ചിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് പ്രകാരം 20 വർഷത്തേയ്ക്കാണ് കരാർ കൊടുത്തിരിക്കുന്നത്. ഇതിൽ ഒന്നര വർഷം പ്ലാന്റ് പണിയുവാനും പതിനെട്ടര വർഷം നടത്തിപ്പിനുമുള്ളതാണ്. കരാറുകാരൻ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഒരു ടണ്ണിൽ നിന്നും 250 kwh (യൂണിറ്റ്) വരെയുള്ള വൈദ്യുതിക്ക് യൂണിറ്റിന് 15/- രൂപ നിരക്കിൽ കൊച്ചി കോർപ്പറേഷൻ കരാറുകാരന് നൽകണം. 250 യൂണിറ്റിനു മുകളിലുള്ള വൈദ്യുതി ഉത്പാദനം കെ.എസ്.ഈ.ആർ.സി നിശ്ചയിക്കുന്ന വിലയ്ക്ക് വേണമെങ്കിൽ വൈദ്യുതി ബോർഡിന് കൊടുക്കുവാനും സാധിക്കും ഇങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന അധികം വൈദ്യുതിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം കരാറുകാരൻ കൊച്ചി കോർപ്പറേഷനു നൽകേണ്ടതാണ്. കരാറിൽ കൊച്ചി കോർപ്പറേഷന്റെയും കരാറുകാരന്റെയും ഉത്തരവാദിത്വങ്ങളെയും അവകാശങ്ങളെയും പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഒരു ദിവസം ശരാശരി 300 ടൺ മാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ നഗരസഭ എത്തിച്ചു കൊടുക്കേണ്ടതാണ്. പ്ലാന്റ് പണിയാൻ ആവശ്യമുള്ള 8 ഹെക്ടർ കവിയാതെയുള്ള സ്ഥലം കൊച്ചി കോർപ്പറേഷൻ നൽകേണ്ടതാണ്. ടി 8 ഹെക്ടറിൽ ടൈപ്പ് എ, ടൈപ്പ് ബി എന്നിങ്ങനെ തരംതിരിച്ചുള്ള ഭൂമിയുടെ സ്ഥലവാടക കരാറിൽ പറഞ്ഞിരിക്കുന്നതുപോലെ കരാറുകാരൻ കൊച്ചി കോർപ്പറേഷന് നൽകേണ്ടതാണ്. കരാർ കാലാവധിക്കു ശേഷം പ്ലാന്റും സ്ഥലവും അനുബന്ധ സൗകര്യങ്ങളും യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ലാതെ കോർപ്പറേഷന് കരാറുകാരൻ |

| | | | |
|---|---|---|---|
| | | | കൈമാറേണ്ടതാണ്. തെരെഞ്ഞെടുക്കപ്പെട്ട ദർഘാസുകാരൻ ദർഘാസിൽ പറഞ്ഞ നിബന്ധന പ്രകാരം GJ ECO POWER PVT. LTD എന്ന പേരിലുള്ള എസ്.പി.വി. (ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച്) ഉണ്ടാക്കിയാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. |
| (ബി) | ഉറവിട മാലിന്യ സംസ്കരണത്തിനും ,വികേന്ദ്രീകൃത രീതികൾക്കും ഊന്നൽ നൽകുമ്പോൾ 375 കോടിയോളം രൂപ മുതൽ മുടക്ക് വേണ്ടിവരുന്ന മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്വകാര്യ കമ്പനിയുമായി കരാറിൽ ഒപ്പിട്ട സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഡി.പി.ആർ പ്രകാരം 295 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയാണിത്. ജനസാന്ദ്രത കൂടിയ കൊച്ചി നഗരത്തിൽ പല സ്ഥലങ്ങളിലായി മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതും ചുറ്റും താമസിക്കുന്ന ജനങ്ങളിൽ നിന്ന് ഉയർന്നുവരാൻ സാദ്ധ്യതയുള്ള പ്രതിരോധവും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള പരിമിതികളാണ്. അതുകൊണ്ട് കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ ആവശ്യമാണ്. |
| (സി) | കരാർ ഒപ്പിട്ട ജി.ഐ ഇക്കോപവർ കമ്പനി ചില വ്യവസായ പ്രമുഖരോട് പദ്ധതിയിൽ പങ്കാളികളാകുന്നതിനായി പണം വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്പനിയുടെ കേരളത്തിലെ മേൽവിലാസം ഏതാണെന്ന് വ്യക്തമാക്കാമോ; | (ഡി) | GJ ECO POWER PVT. LTD., Door No.X/63, 3rd Floor, Sarayu Complex Near Civil Station, Seaport Airport Road, Kakkanad, Ernakulam. |
| (ഇ) | ഏത് സാങ്കേതിക വിദ്യയാണ് പ്രസ്തുത പദ്ധതിയിൽ ഉപയോഗിക്കുന്നത്; പ്രസ്തുത സാങ്കേതികവിദ്യ ഇന്ത്യയിൽ എവിടെയെങ്കിലും ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | ഗ്യാസിഫിക്കേഷൻ സാങ്കേതികവിദ്യയാണ് പ്രസ്തുത പദ്ധതിയിൽ ഉപയോഗിക്കുന്നത്. പ്രസ്തുത സാങ്കേതികവിദ്യ ഇന്ത്യയിൽ മറ്റെവിടെയെങ്കിലും ഉപയോഗിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ